പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2326** — **23.03.2012 ൽ മറുപടിക്ക്**

**പൊതുമേഖലാ കമ്പനികളിൽ കേന്ദ്രമാതൃകയിൽ എം.ഒ.യു.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, റ്റി.എൻ.പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, എം.എ.വാഹീദ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ കമ്പനികളിൽ കേന്ദ്ര മാതൃകയിൽ എം.ഒ.യു. സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതു മൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈ വരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി -മാനേജ്മെന്റ് ബന്ധം, R & D, സാമ്പത്തിക സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻ കൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതുകൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു<br>• വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാല 19 ഒക്ടോബർ 2011ൽ നടത്തുകയുണ്ടായി.<br>• ആദ്യഘട്ടമായി 21 പൊതുമേഖലാ സ്ഥാപനങ്ങളിൽ MoU സംവിധാനം നടപ്പിലാക്കുന്നതിനായിട്ടുള്ള തുടർ ശിൽപ്പശാല 2012 ഫെബ്രുവരി 7-ാം തീയതി നടത്തുകയുണ്ടായി.<br>• ഇത് നടപ്പിൽ വരുത്തുന്നതിനു വേണ്ടിയുള്ള ഉന്നതാധികാര സമിതിയുടെ രൂപീകരണത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**